ഉത്തരം

(എ) ഉണ്ട്.

(ബി, സി) പ്രസ്തുത കുടുംബങ്ങൾക്ക് അവരുടെ കൈവശ ഭൂമി പതിച്ചു കൊടുക്കുന്നതിനാവശ്യമായ നടപടികൾ ഉടനെ സ്വീകരിക്കുവാൻ കോഴിക്കോട് ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കിളിമാന്നൂർ പഞ്ചായത്തിൽ സ്വന്തമായി സ്ഥലമില്ലാത്തവർക്ക് വീട് വയ്ക്കാൻ നൽകിയ സ്ഥലം

1998 [3078] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാന്നൂർ നിയോജകമണ്ഡലത്തിൽ കിളിമാന്നൂർ പഞ്ചായത്തിൽ സ്വന്തമായി ഭൂമിയില്ലാത്ത ഏതെങ്കിലും കുടുംബത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം വീടുവയ്ക്കാൻ സർക്കാർ സ്ഥലം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേർക്ക് സ്ഥലം നൽകിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(സി) അവിടെ ഈ വർഷം എത്ര പേർക്ക് സ്ഥലം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 18 പേർക്ക് കഴിഞ്ഞ സാമ്പത്തിക വർഷം കിളിമാന്നൂർ നിയോജകമണ്ഡലത്തിൽ വീടുവയ്ക്കാൻ സ്ഥലം നൽകിയിട്ടുണ്ട്.

(സി) പരിഗണനയിൽ ഇല്ല.

കെ. പി. കറുപ്പന്റെ സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലം

1999 [3079] ശ്രീ. വി. ദിനകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കവിതിലകൻ പണ്ഡിറ്റ് കെ. പി. കറുപ്പന്റെ ജന്മ ശതാബ്ദി സ്മാരകം നിർമ്മിക്കുന്നതിന് എറണാകുളത്ത് സ്ഥലം നൽകണമെന്ന് സ്മാരക കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര സെന്റ് സ്ഥലമാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) ഇത് സംബന്ധിച്ച് ഗവൺമെന്റ് എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly